(ബി) മൈസൂറിൽ ഒരു കോടതിയിൽ തമിഴ്നാട്ടു കേസുകൾ വിചാരണയിലിരിക്കുന്ന കാലത്തു് അതിനു കാരണഭൂതരായ പോലീസു ദ്യോഗസ്ഥന്മാക്കു ബഹുമതി നൽകിയതിനെതിരായി ടി. ടി. എൻ. സി. പ്രതിഷേധിച്ചിട്ടുണ്ടോ? ഏ. എസ്. പി. ഗോപാലനെ നീക്കം ചെയ്യണമെന്നു അവർ ആവശ്യപ്പെട്ടിട്ടുണ്ടോ? അതിന്മേൽ നടപടി നടത്തിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(ഏ) ആക്കും ബഹുമതിമുദ്ര നൽകിയിട്ടില്ല.

(ബി) ചില പോലീസു് ഉദ്യോഗസ്ഥന്മാക്കു് പാരിതോഷികങ്ങൾ നൽകിയതിൽ ടി. ടി. എൻ. സി. പ്രതിഷേധിച്ചിട്ടുണ്ടു്. ഏ. എസ്. പി. ഗോപാലൻ തിരുവിതാംകൂർ തമിഴ്നാട്ടിൽ ഉദ്യോഗത്തിലിരിക്കാൻ അയോഗ്യനെന്നും അവർ പ്രസ്താവിച്ചിട്ടുണ്ടു്. നടപടിയൊന്നും നടത്തിയിട്ടില്ല.

തമിഴ്നാട് കേസുകൾ.

* 725. [14] ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(ഏ) തെക്കൻതിരുവിതാംകൂറിൽ നടന്ന വെടിവയ്പിനെത്തുടർന്നു് ചാർജു് ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കണമെന്നു കാണിച്ചു് കഴിഞ്ഞ നിയമസഭയ്ക്കുശേഷം വല്ല നിവേദനവും തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) പോലീസു് ഉദ്യോഗസ്ഥന്മാരുടെ പേരിൽ വ്യക്തമായ ആരോപണങ്ങളോടുകൂടി പരാതികൾ തെക്കൻതിരുവിതാംകൂറിൽനിന്നും ലഭിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം ലഭിച്ചു;

ഏതു കേസുകൾ ലഭിച്ചിട്ടുണ്ടു്;

ഇവയെപ്പറ്റി അന്വേഷണങ്ങൾ വല്ലതും നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു്;

(സി) തമിഴ്നാടു് വെടിവയ്പിൽ പങ്കെടുത്ത ഏതെങ്കിലും പോലീസു് ഉദ്യോഗസ്ഥന്മാക്കു് പാരിതോഷികമോ, ബഹുമതി മുദ്രകളോ നൽകിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(ഏ) ഉണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. നേശമണിയിൽനിന്നു്.

എട്ടുപേരിൽനിന്നു് കിട്ടിയ പരാതികൾ ഗവണ്മെൻറിലേയ്ക്കു് അയച്ചു.

പിന്നീടുണ്ടായ സാഹചര്യങ്ങളിൽ പരാതികളെപ്പറ്റി അന്വേഷണം ആവശ്യമില്ലെന്നു തീരുമാനിച്ചു.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly